**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5401** **21-07-2022 - ൽ മറുപടിയ്ക്ക്**

**എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ലോകോത്തര കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയത്തക്ക നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | **ലോകോത്തര കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയത്തക്ക നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി അംഗീകരിച്ച പ്രൊപ്പോസലുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**കൂടാതെ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്ന ലക്ഷ്യം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലോകോത്തര കായിക താരങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും, കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടുകൂടിയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുന്നതാണ്. കൂടാതെ ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്- ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം കോച്ചിംഗ്** |

| | | | |
|---|---|---|---|
| | | | **ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കാവുന്നതാണ്.** |
| (ബി) | പ്രസ്തുത കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുമോ; | (ബി) | **നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുന്നതിന് വ്യവസ്ഥയില്ല.** |
| (സി) | സ്ഥല പരിമിതി ഉള്ള പ്രദേശങ്ങളിൽ സ്കൂൾ ഗ്രൗണ്ടുകൾ സൗകര്യങ്ങളോടെ പുനർനിർമ്മിച്ച് പൊതുജനങ്ങൾക്കും ഉപയോഗിക്കത്തക്ക നിലയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം സ്ഥലപരിമിതി ഉള്ള പ്രദേശങ്ങളിൽ സർക്കാർ സ്കൂൾ ഗ്രൗണ്ടുകളും സർക്കാർ അധീനതയിലുള്ള ഭൂമികളും ഈ ഭൂമികളിൽ നിലവിലെ കളിസ്ഥലങ്ങളും വികസിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതും എന്നാൽ ഈ ഭൂമികൾ വെള്ളക്കെട്ടുള്ള പ്രദേശങ്ങളോ നെൽവയലുകളോ നിർമ്മാണ നിയന്ത്രണങ്ങൾ ഉള്ള ഭൂമിയോ ഡേറ്റാ ബാങ്കുകളിൽ ഉൾപ്പെട്ടവയോ ആകരുതെന്നും വ്യവസ്ഥയുണ്ട്.**<br><br>**എന്നാൽ സ്കൂൾ ഗ്രൗണ്ടുകളിൽ സൗകര്യങ്ങൾ വികസിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ പുന:ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ